**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 700** **04.2.2020 -ൽ മറുപടിയ്ക്ക്**

## വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ടൂറിസം പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിക്കുകയോ ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. |
| ബി) ഏതെല്ലാം ടൂറിസം പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി ആയിട്ടുണ്ടെന്ന് അറിയിക്കാമോ; | |
| സി) പുഴയോര ടൂറിസം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | സി) വള്ളിക്കുന്ന് മണ്ഡലത്തിൽ ടൂറിസം ഡവലപ്മെന്റ് അറ്റ് വള്ളിക്കുന്ന്, മലപ്പുറം " എന്ന ടൂറിസം പദ്ധതിയ്ക്കായി ഡി.റ്റി.പി.സി മലപ്പുറം സിഡ്കോ മുഖേന നിർമ്മാണ പ്രവർത്തികൾ നടത്തിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെ നിർമ്മാണത്തിൽ വിജിലൻസ് വകുപ്പ് കേസ് എടുത്ത് അന്വേഷണം നടത്തി വരുന്നതിനാൽ നിർമ്മാണപ്രവർത്തികൾ പുനരാരംഭിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. |
| ഡി) വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ? | ഡി) വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ